**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 314** **27-01-2026 - ൽ മറുപടിയ്ക്ക്**

**നെല്ലിന്റെ വില ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്തെ നെൽക്കർഷകരിൽ നിന്ന് സംഭരിച്ച നെല്ലിന് യഥാസമയം വില കിട്ടുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; ഇത് പരിഹരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ നെൽ കർഷകരിൽ നിന്നും സംഭരിച്ച നെല്ലിന്റെ വില യഥാസമയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയവ ചുവടെ ചേർക്കുന്നു.<br><br>• PRS വായ്പകൾ കോൺസോർഷ്യം ബാങ്കുകൾ (കാനറാ ബാങ്ക്, എസ്.ബി.ഐ) മുഖേന ലഭ്യമാക്കിയത് നെല്ലിന്റെ വില യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനു സാധിച്ചിട്ടുണ്ട്.<br>• കർഷകർ സ്വീകരിക്കുന്ന ഓരോ PRS വായ്പയും പോർട്ടലിൽ രേഖപ്പെടുത്തുന്നതിനായി സിസ്റ്റം അധിഷ്ഠിത ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കിയതോടെ, പേയ്മെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചു.<br>• നെല്ല് സംഭരണ സംവിധാനത്തിലെ തുടർച്ചയായ നിരീക്ഷണങ്ങളും പ്രക്രിയാ മെച്ചപ്പെടുത്തലുകളും മൂലം വർഷംതോറും പ്രവർത്തന കാര്യക്ഷമത വർദ്ധിക്കുകയും കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിൽ വന്ന കാലതാമസം കുറയുകയും ചെയ്തു.<br>• 2024-25 സീസൺ മുതൽ, കർഷകർ സ്വീകരിക്കുന്ന PRS വായ്പകളും കർഷകർക്ക് നൽകുന്ന നേരിട്ടുള്ള പേയ്മെന്റുകളും സപ്ലൈകോ പോർട്ടലിൽ രേഖപ്പെടുത്തിവരുന്നു. ഈ സംവിധാനം ബാങ്കുകൾ വഴിയുള്ള പേയ്മെന്റുകളിലെ അപാകതകൾ ഒഴിവാക്കുന്നതിനും നെല്ല് സംഭരണ സംവിധാനത്തിൽ കാര്യക്ഷമമായ മേൽനോട്ടം നടത്തുന്നതിനും PRS വായ്പകളുടെ സമയബന്ധിത വിതരണവും (disbursal) വായ്പാ തിരിച്ചടവും (closure) ഉറപ്പാക്കുന്നതിനും സഹായകമായി. |
| (ബി) | നെല്ല് സംഭരിച്ച വകയിൽ ഏത് കാലയളവ് വരെയുള്ളവർക്ക് വില നൽകിയിട്ടുണ്ടെന്നും, ഇനിയും വില ലഭിക്കാത്ത കർഷകർക്ക് എന്നത്തേക്ക് വില നൽകാനാകുമെന്നും വ്യക്തമാക്കാമോ; വിശദവിവരം നൽകാമോ? | (ബി) | 2025-26 സീസണിൽ 20-01-2026 തീയതി പ്രകാരം 1 LMT നെല്ല് സംഭരിച്ച വകയിൽ 302.03 കോടി രൂപയാണ് നെല്ലിന്റെ വിലയായി കർഷകർക്ക് നൽകാനുണ്ടായിരുന്നത്. ഇതിൽ 198.19 കോടി രൂപ PRS വായ്പയായും നേരിട്ടും കർഷകർ കൈപ്പറ്റിയിട്ടുണ്ട്. 15-01-2026വരെ പാഡി മാർക്കറ്റിംഗ് ഓഫീസർമാർ വെരിഫൈ ചെയ്ത PRS-കൾക്ക് നെല്ലിന്റെ വില നല്കി കഴിഞ്ഞു. ബാക്കി തുക PRSകൾക്ക് വായ്പയായി ബാങ്കുകൾ മുഖേന നല്കിവരുകയാണ്. |

സെക്ഷൻ ഓഫീസർ